

പ്രഭാകരമേനോൻ പര്യാടത്ത്

# 'വാസ്തു ശാസ്ത്രമാണ്; പ്രകൃതിയുടെ ശക്തിയും'

നവോർജ്ജം നിറയുന്ന ചൈതന്യമുള്ള വീട്. അനുദിനം അഭിവൃദ്ധിയിലേക്ക് കുതിക്കുന്ന ബിസിനസ്. ഇതൊക്കെയാണ് പുതിയ വീട്ടിലേക്ക് ചേക്കേറുമ്പോഴും പുതിയ ബിസിനസ് സ്ഥാപനം തുടങ്ങുമ്പോഴും ആരുടെയും മനസിലുണ്ടാകുക. ഇതൊക്കെ ഉറപ്പാക്കാൻ വാസ്തു ഭൂരിഭാഗം പേരും നോക്കാറുണ്ട്. വാസ്തുവിനെ സംബന്ധിച്ചുള്ള സത്യങ്ങളേക്കാൾ അർദ്ധ സത്യങ്ങളും അന്ധവിശ്വാസങ്ങളും പ്രചരിക്കുന്ന കാലം കൂടിയാണിത്. ഈ സാഹചര്യത്തിൽ കൺസൾട്ടന്റ് എൻജിനീയറും 50 കൊല്ലമായി ഇന്ത്യക്കകത്തും പുറത്തും വാസ്തുശാസ്ത്രം കൈകാര്യം ചെയ്യുന്ന വാസ്തു കൺസൾട്ടന്റുമായ **പ്രഭാകരമേനോൻ പര്യാടത്ത്** ഈ മേഖലയിലെ അന്ധവിശ്വാസങ്ങളെ കുറിച്ചും സത്യങ്ങളെയും കുറിച്ച് സംസാരിക്കുന്നു.

**ധനം ന്യൂസ് ബ്യൂറോ**

**? വാസ്തു ഒരു വിശ്വാസമോ അതോ ശാസ്ത്രമോ?**

▶ വാസ്തു ഒരു ശാസ്ത്രം മാത്രമാണ്. പ്രകൃതിയുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്ന ഒരു ശാസ്ത്രം. പ്രകൃതിയുടെ നിയമത്തിന് വിഘാതം വരുത്താതെ ഭൂമിയിൽ കൂടൊരുക്കാനുള്ള ശാസ്ത്രീയമായ കാര്യമാണിത്. വാസ്തുശാസ്ത്രം പഞ്ചഭൂതങ്ങളെ -- ആകാശം, ഭൂമി, ജലം, വായു, അഗ്നി – എങ്ങനെ നമ്മുടെ ആരോഗ്യത്തിനുവേണ്ടി ഉപയോഗിക്കാം എന്നതിനുള്ള ശ്രമം മാത്രമാണ്.

**? മുറിയുടെ നീളവും വീതിയും അളവുകളും ശരിയാക്കുന്നതാണോ വാസ്തു?**

▶ പലരും വിചാരിച്ചിരിക്കുന്നത് വാസ്തു എന്നുപറഞ്ഞാൽ മുറിയുടെ കണക്കുകൾ ശരിയാക്കുക എന്നതാണ്. പല പുരാണ ഗ്രന്ഥങ്ങളിലും കോലുകളുടെ നീളം ജാതി തിരിച്ചുള്ളതാണ്. ബ്രാഹ്മണനും ക്ഷത്രിയനും പല കണക്കുകൾ. കെട്ടിടം പണിയാനുള്ള ഭൂമി തെരഞ്ഞെടുക്കുമ്പോൾ തന്നെ ജാതി തിരിച്ചാണ് കണക്കും ഭൂമിയും നോക്കുന്നത്. അളവും കോലും വെച്ച് പണിയുന്നതിന്റെ ശാസ്ത്രീയവശം ആരും ചിന്തിക്കുന്നില്ല. അളവുകൾക്ക് അത്ര പ്രാധാന്യം കൊടുക്കേണ്ടതില്ല. പല സ്ഥലത്തു ചെല്ലുമ്പോഴും പൂജകൾ നടത്തി കണക്കു ശരിയാക്കിയ കഥകൾ കേൾക്കാറുണ്ട്. കണക്കിലും അളവിലും ദോഷങ്ങൾ കാണുന്ന പക്ഷം പലതരം പൂജകൾ നടത്തി ദോഷം മാറ്റാമെന്നു പറയുന്നു. പ്രകൃതിയുടെ ഊർജ്ജത്തെ പരമാവധി ഉപയോഗപ്പെടുത്തുന്ന വിധം കെട്ടിടം പണിയുക എന്നതാണ് ശാസ്ത്രം. ലോകത്ത് എവിടെയും കാന്തം വടക്ക് തെക്കായേ നിൽക്കൂ. അതാണ് പ്രകൃതിയുടെ ശാസ്ത്രം. ഇത് ഉപയോഗപ്പെടുത്താൻ ജാതിയോ മതമോ രാജ്യത്തിന്റെ അതിർത്തിയോ അതിർവരമ്പാകുന്നില്ല.

**ജീവിതത്തിൽ മൂന്നിലൊന്നു സമയവും നാം ഉറങ്ങാനാണ് വിനിയോഗിക്കുന്നത്. ഈ കിടപ്പുമുറിയിൽ സദാ കാറ്റിന്റെ പ്രവാഹം വേണം**

**? അതെങ്ങനെ സാധ്യമാകും?**

▶ മനുഷ്യജീവിതത്തെ ശുദ്ധീകരിക്കുക എന്ന ദൗത്യം പഞ്ചഭൂതങ്ങൾക്കുണ്ട്. കിഴക്ക് ജനലും വാതിലും ഒരിക്കലും ഒഴിവാക്കരുത്. സൂര്യന്റെ പ്രഭാതരശ്മികൾ നേരിട്ട് ഭക്ഷണത്തിൽ പതിച്ചാൽ പാചകം ചെയ്യുന്ന ഭക്ഷണത്തിൽ പോലും ആ ഊർജ്ജം നിറയും. ഭക്ഷണസാധനങ്ങളിലെ ദോഷകാരികളായ ബാക്ടീരിയകളെ നശിപ്പിക്കാൻ പോലും ഊർജ്ജത്തിന് സാധിക്കും. വൈകുന്നേരത്തെ അസ്തമയ സൂര്യന്റെ പൊൻകിരണങ്ങളും ഊർജ്ജത്തിന്റെ മറ്റൊരു കേന്ദ്രമാണ്. ഇത് നേരിട്ട് കിടപ്പുമുറിയിൽ പതിക്കത്തക്ക വിധമാകണം വീട് പണിയേണ്ടത്. പ്രഭാതത്തിൽ ഏത് ദിശയിൽ നിന്നാണ് കാറ്റ് വീശുന്നത് എന്നും നോക്കണം. കാരണം രാവിലെ വീശുന്ന കാറ്റിൽ സസ്യജാലങ്ങൾ പുറത്തുവിടുന്ന ശുദ്ധമായ ഓക്സിജൻ ധാരാളമുണ്ടാകും. ഇത് വീടിനുള്ളിൽ കൃത്യമായി എത്തിച്ചേരണം. ജീവിതത്തിൽ മൂന്നിലൊന്നു സമയവും നാം ഉറങ്ങാനാണ് വിനിയോഗിക്കുന്നത്. ഈ കിടപ്പുമുറിയിൽ സദാ കാറ്റിന്റെ പ്രവാഹം വേണം.



**? ഫാക്റ്ററികളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനും നന്നാകന്നതിനും പിന്നിൽ വാസ്തുവിന് സ്ഥാനമുണ്ടെന്നു പറയാറുണ്ടല്ലോ. അത് ശരിയാണോ?**

▶ പല വീടുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിന്റെയും പരാജയപ്പെടുന്നതിന്റെയും കാരണം വാസ്തു ധാരണയുടെ അഭാവത്തോടെയുള്ള കെട്ടിട നിർമാണമാണ്. അൽപ്പം ശ്രദ്ധിച്ചാൽ, വിദഗ്ധരുടെ മാർഗനിർദേശം നേടിയാൽ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

**? അഞ്ച് പതിറ്റാണ്ടായി ഈ രംഗത്തുള്ള വിദഗ്ധനാണല്ലോ താങ്കൾ. എന്താണ് ഈ മേഖലയിലെ താങ്കളുടെ അനുഭവം? എന്താണ് വീട്ടുടമകൾക്കും സ്ഥാപന ഉടമകൾക്കും നൽകാനുള്ള മാർഗനിർദേശം?**

▶ ഒട്ടനവധി അനുഭവങ്ങൾ ഈ രംഗത്ത് എനിക്കുണ്ട്. അടുത്തിടെ ദേശീയ തലത്തിൽ ശ്രദ്ധേയരായ ഒരു കേരള ജൂവൽറി ബ്രാൻഡ് കേരളത്തിലെ ഒരു പട്ടണത്തിൽ കട തുറക്കാൻ തീരുമാനിച്ചു. പല വർഷങ്ങളായി പലരും റീട്ടെയ്ൽ ഔട്ട്ലെറ്റ് തുറന്ന് അത് പൂട്ടിപ്പോയ ചരിത്രമുള്ള ഷോപ്പായിരുന്നു അത്. ഞാനവിടെ പോയി. ചില മാറ്റങ്ങൾ വരുത്തി. അവർ അവിടെ കട തുറന്നു. നല്ല രീതിയിൽ തന്നെ കച്ചവടം നടക്കുന്നു. മറ്റൊരു സംഭവം. ഒരേ കെട്ടിടത്തിൽ രണ്ടു ജൂവൽറി ഷോറൂമുകൾ പ്രവർത്തിച്ചിരുന്നു. ആദ്യത്തെ കടയിൽ നല്ല കച്ചവടമുണ്ട്. രണ്ടാമത്തെ കട നഷ്ടത്തിലും. അതോടെ രണ്ടാമൻ കട വിൽക്കാൻ തീരുമാനിച്ചു. ആദ്യത്തെയാൾ അത് വാങ്ങാൻ തീരുമാനമെടുക്കുന്നതിനു മുമ്പായി ഞാനവിടെ എത്തി. രണ്ടു കടയും ഒന്നാക്കി. കാഷ്യറിന്റെ സ്ഥാനം മാറ്റി. പണിക്കാർക്കായുള്ള വാതിൽ അടച്ചു. അങ്ങനെ ചില മാറ്റങ്ങൾ വരുത്തി. ഇപ്പോൾ ആ കട വളരെ നന്നായി പോകുന്നു. കേരളത്തിലെ പ്രമുഖ റീട്ടെയ്ൽ ബ്രാൻഡുകൾ, ഭവന നിർമാതാക്കൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങി സമൂഹത്തിലെ വിവിധ തുറകളിലുള്ളവർ ഇത്തരത്തിലുള്ള സേവനം തേടാറുണ്ട്.

അതായത് ഇതൊരു അർദ്ധ സത്യമോ അന്ധവിശ്വാസമോ അല്ല. മറിച്ച് ശാസ്ത്രമാണ്. ഏത് നിർമിതിയിലെയും പ്രശ്നങ്ങളെ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കാൻ സാധിക്കും. അഭിവൃദ്ധി നേടാനും പറ്റും. ■

വാസ്തു സംബന്ധമായ വായനക്കാരുടെ സംശയങ്ങൾക്ക് ലേഖകൻ ധനത്തിലൂടെ മറുപടി നൽകുന്നതാണ്. സംശയങ്ങൾ editorial@dhanam.in എന്ന ഇ-മെയ്ൽ വഴിയോ ധനം പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ചെറുപറമ്പത്ത് റോഡ്, കടവന്ത്ര - 682020 എന്ന വിലാസത്തിലോ അയയ്ക്കുക..